മ്യൂസിയങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ നവീകരിക്കാൻ നടപടി

*10 [512] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
,, പിരപ്പൻകോട് മുരളി:
,, കെ. രാധാകൃഷ്ണൻ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മ്യൂസിയങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ നവീകരിക്കുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ മ്യൂസിയം വകുപ്പിന്റെ അധീനതയിലുള്ള ഏതെല്ലാം പാർക്കുകളും മറ്റു സ്ഥാപനങ്ങളുമാണ് സ്വകാര്യവത്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം മ്യൂസിയത്തിലുള്ള കുട്ടികളുടെ പാർക്ക് ഏതെങ്കിലും വ്യക്തിക്കോ സ്ഥാപനത്തിനോ കൈമാറുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ത് നടപടിക്രമത്തിലൂടെ ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പാർക്കിന്റെ നവീകരണത്തിനായി സർക്കാർ നേരത്തെ ആസൂത്രണം ചെയ്ത പദ്ധതി റദ്ദ് ചെയ്യുകയുണ്ടായോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പാർക്കിന്റെ നവീകരണത്തിനായി പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly